**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1601** **01-07-2026-ൽ മറുപടിയ്ക്ക്**

**<u>റേഷൻ സാധനങ്ങളുടെ കരിഞ്ചന്ത</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പാറക്കൽ അബ്ദുല്ല
ശ്രീമതി ഫാത്തിമ തഹിലിയ
ശ്രീ. ടി. വി. ഇബ്രാഹിം
ശ്രീ. സി. കെ. കാസിം

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി)

**(എ)** റേഷൻ സാധനങ്ങൾ സൂക്ഷിക്കുന്ന സപ്ലൈകോ ഗോഡൗണുകളിൽ നിന്നും അരിയും മറ്റും കരിഞ്ചന്തയിലേക്ക് കടത്തുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** കഴിഞ്ഞ ഏതാനും വർഷങ്ങൾക്കിടയിൽ ഇത്തരം ചില സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇപ്രകാരം ക്രമക്കേട് കണ്ടെത്തിയിട്ടുള്ള കേസുകളിൽ അന്വേഷണം നടത്തി നടപടി സ്വീകരിക്കുന്നുണ്ട്. നിരന്തരം പരിശോധനകളും നടത്തി വരുന്നുണ്ട്.

**(ബി)** വ്യാജ ബില്ലിംഗ്, റേഷൻ വിതരണത്തിലുള്ള ഒ.ടി.പി.യുടെ ദുരുപയോഗം എന്നിവ നടക്കുന്നതായുള്ള പരാതികളിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** വ്യാജ ബില്ലിംഗ് നിലവിലില്ല. സംസ്ഥാനത്ത് ഏകദേശം 94 ശതമാനത്തോളംവിതരണവും ബയോമെടിക് ട്രാൻസാക്ഷനായാണ് നടന്നു വരുന്നത്. ബയോമെടിക് സംവിധാനം പരാജയപ്പെടുന്ന പക്ഷം മാത്രമേ ഗുണഭോക്താവിന്റെ മൊബൈൽ നമ്പറിലേക്ക് ഒ.ടി.പി വരുന്ന രീതിയിൽ ക്രമീകരിച്ചിട്ടുള്ള വിതരണം നടത്താറുള്ളൂ. ആയതിനാൽ ഒ.ടി.പി വിതരണം ഗുണഭോക്താവ് ബോധ്യപ്പെട്ട് നടത്തുന്ന ഒന്ന് തന്നെയാണ്. ഇതും പരാജയപ്പെട്ടാൽ മാത്രമേ മാനവൽ രീതിയിലുള്ള വിതരണം നടത്തുകയുള്ളൂ. നിലവിൽ ഒ.ടി.പി മുഖേനയുള്ള വിതരണത്തിന്റെ തോത് 5.75 ശതമാനവും മാന്വൽ ട്രാൻസാക്ഷന്റെ വിതരണത്തിന്റെ തോത് 0.15 ശതമാനവും മാത്രമാണ്. നിലവിൽ 10 ജില്ലകളിലെ 20 താലൂക്കുകളിലുള്ള 147 ഊരുകളിലേക്ക് മൊബൈൽ റേഷൻ ഷോപ്പ് സംവിധാനം പ്രവർത്തിച്ച് വരുന്നുണ്ട്. ഇങ്ങനെയുള്ള പല ഊരുകളിലും നെറ്റ് വർക്ക് ലഭിക്കാത്ത സാഹചര്യമുള്ളതിനാൽ അവിടങ്ങളിൽ മാന്വലായി നടത്തുന്ന വിതരണമുൾപ്പടെയുള്ള തോതാണിത്. ഒ.ടി.പി മുഖേനയും മാന്വലായും നടത്തുന്ന റേഷൻ വിതരണം റേഷനിംഗ് ഇൻസ്പെക്ടർമാർ പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്.

**(സി)** റേഷൻ സാധനങ്ങൾ അപഹരിക്കുന്നത് തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

**<u>മറുപടി:</u>** റേഷൻ സാധനങ്ങൾ അപഹരിക്കുന്നതു തടയാൻ ഉദ്ദേശിച്ചാണ് ആധാർ അധിഷ്ഠിതമായ ബയോമെട്രിക് റേഷൻ വിതരണവും ആയതു പരാജയപ്പെടുന്ന പക്ഷം ഒ.ടി.പി മുഖാന്തരമുള്ള വിതരണ സംവിധാനവും ഏർപ്പെടുത്തിയിരിക്കുന്നത്. ഈ രണ്ടു സംവിധാനത്തിലൂടെയായിട്ടാണ് 99.85% റേഷൻ വിതരണവും നടന്നുവരുന്നത് എന്നതിനാൽ ഉപഭോക്താവ് ടി അളവ് സാധനങ്ങൾ കൈപ്പറ്റിയിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തപ്പെടുന്നുണ്ട്. ശേഷിക്കുന്ന 0.15% മാനുവൽ റേഷൻ വിതരണം റേഷനിംഗ് ഇൻസെക്ടർമാർ പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്.

രണ്ടുമാസത്തിലൊരിക്കൽ റേഷനിങ് ഇൻസ്പെക്ടർമാർ എല്ലാ റേഷൻ കടകളും പരിശോധിക്കുന്നുണ്ട്. കൂടാതെ താലൂക്ക് സപ്ലൈ ഓഫീസർമാർ, ജില്ലാ സപ്ലൈ ഓഫീസർമാർ, ഡെപ്യൂട്ടി റേഷനിങ് കൺട്രോളർമാർ, വിജിലൻസ് ഓഫീസർ എന്നിവർ മേൽനോട്ട പരിശോധനകൾ നിരന്തരം നടത്തുന്നുണ്ട്. കൂടാതെ ലഭിക്കുന്ന പരാതികളിന്മേൽ വിശദമായ അന്വേഷണം നടത്തി നടപടി സ്വീകരിച്ച് റേഷൻ വിതരണം ക്രമപ്പെടുത്തി പരാതിരഹിതമായി കൊണ്ടുപോകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**